(ബി) ഡാറ്റാ എൻട്രി പിശകുകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാർഡുടമകൾ സ്വയം എഴുതി നൽകിയ വിവരങ്ങളാണ് ഡാറ്റാ എൻട്രിയിൽ കൂടി രേഖപ്പെടുത്തിയത്. ആയതിൽ സംഭവിച്ച പിശകുകൾ തിരുത്തുന്നതിനായി ഓൺലൈനിലൂടെയും പ്രിന്റ് നൽകിയും തിരുത്തിവാങ്ങിയതിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തിയ ഏജൻസികൾ തന്നെ തെറ്റ് തിരുത്തി നൽകുന്ന നടപടികളാണ് നടന്നുവരുന്നത്.

പുതിയ റേഷൻകാർഡ്

230 (1314) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുകളിലെ തെറ്റുതിരുത്തൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) മാസങ്ങൾ കഴിഞ്ഞിട്ടും പുതിയ റേഷൻ കാർഡ് വിതരണം ചെയ്യാൻ വൈകുന്നതിനുള്ള കാരണങ്ങൾ വിശദീകരിക്കുമോ;

(സി) റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തി പുതിയ കാർഡ് എന്നുമുതൽ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റേഷൻ കാർഡുകളിൽ തെറ്റ് വന്നിട്ടില്ല. സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ നൽകുന്ന പ്രക്രിയ മൂന്നാം ഘട്ടത്തിലാണ്. കാർഡുടമകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തിയതിൽ എന്തെങ്കിലും തെറ്റുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ, ആയത് കാർഡുടമകൾ തിരുത്തി നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ കൃത്യമാക്കുന്ന പ്രക്രിയയാണ് ഇപ്പോൾ നടന്നുവരുന്നത്.

(ബി) കാർഡുടമകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് മാനദണ്ഡങ്ങൾക്ക് വിധേയമായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തി കരട് പട്ടിക പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും പരാതികളും സ്വീകരിച്ച് സോഷ്യൽ ഓഡിറ്റിംഗിലൂടെ പരിഹരിച്ച് അന്തിമ മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം പുതിയ റേഷൻ കാർഡ് നൽകുവാൻ സാധിക്കുകയുള്ളൂ. നിലവിലുള്ള കാർഡുകൾ വഴി എല്ലാ ആനുകൂല്യങ്ങളും കാർഡുടമകൾക്ക് ലഭിക്കുന്നുണ്ട്. 6 മാസത്തേക്ക് temporary card നൽകുന്നുമുണ്ട്. അതിനാൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നില്ല.

(സി) മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ പുതിയ കാർഡുകൾ 31-3-2016 -നകം വിതരണം ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly